(ഇ) ഉണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചു വരുന്നു. 1986-ലെ വാട്ടർ സപ്ലൈ ആന്റ് സിവറേജ് ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുന്ന കാര്യവും സർക്കാറിന്റെ സജീവ പരിഗണനയിലാണ്.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

**ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

6 (*36) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ .ലോനപ്പൻ നമ്പാടൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇ.എസ്.ഐ. ആശുപത്രികളിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ഈ ആശുപത്രികളിലെ പ്രവർത്തനം തൊഴിലാളികൾക്ക് പ്രയോജനപ്രദമായ രീതിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇ.എസ്.ഐ ആശുപത്രികളിൽ ആവശ്യമായ മരുന്നും മറ്റ് അത്യാവശ്യ സാധനങ്ങളും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഈ ആശുപത്രികളിൽ ഡോക്ടർമാരും മറ്റു ജീവനക്കാരും കൃത്യമായി ഹാജരാകുന്നതിന് കർശന നിർദ്ദേശം നൽകുമോ ?

ജലസേചനവും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 99,60,800 രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിലവിലുള്ള 13 ഇ.എസ്.ഐ.ആശുപത്രികൾ അപ്പ് ഗ്രേഡ് ചെയ്യുവാനുള്ള നിർദ്ദേശം ഇ.എസ്.ഐ.കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനു വേണ്ടി ഡിപ്പാർട്ടുമെന്റിലുള്ള ഡോക്ടർമാരെ ഡെപ്യൂട്ടേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങൾ നൽകി ഉപരിപഠനത്തിന് അയയ്ക്കുകയും ഇപ്രകാരം സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരുടെ സേവനം അതതു സ്പെഷ്യാലിറ്റികളിൽ ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ ഡോക്ടർമാരും മറ്റു ജീവനക്കാരും കൃത്യമായി ഹാജരാകുന്നതിന് കർശന നിർദ്ദേശം നൽകുകയും കൃത്യനിഷ്ഠപാലിക്കുന്നുണ്ടെന്നു ഉറപ്പു വരുത്താനായി വിവിധ തലങ്ങളിലുള്ള പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി-ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) നിർദ്ദേശം നൽകിയിട്ടുണ്ട്.

## യുവജന നയം

7 (*37) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. സി .എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കാമോ ;

(ബി) സംസ്ഥാന ഗവൺമെന്റ് യുവജന നയം എന്നത്തേക്ക് പ്രഖ്യാപിക്കുമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും ഇതുമൂലം യുവജനങ്ങൾക്ക് എന്തൊക്കെ നേട്ടങ്ങൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വിശദമാക്കാമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പു മന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് ഇപ്പോൾ നടപ്പിലാക്കി വരുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ പ്രധാനമായവ ചുവടെ വിവരിക്കുന്നവയാണ്.

1. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി, സ്വയം തൊഴിൽ പരിശീലന പരിപാടി.
2. യുവാക്കളെ സാഹസിക സംരംഭങ്ങളിൽ ഉത്സുകരാക്കുന്നതിന് മൂന്നാറിലെ സാഹസിക അക്കാഡമി വഴി സാഹസിക സംരംഭങ്ങൾ.
3. ദേശീയ ബോധം വളർത്തുന്നതിന് ദേശീയോദ്ഗ്രഥന ക്യാമ്പുകൾ.
4. യുവജനങ്ങൾക്കായി എക്സിബിഷൻ
5. പരിസ്ഥിതി സംരക്ഷണത്തിനായി കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ വകുപ്പുകളുടെ സഹായത്തോടെ വൃക്ഷത്തൈ നടീൽ പരിപാടി.
6. കേരളത്തിൽ മൂന്നു യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly